പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3427 — 14.03.2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സർക്കാർ മാനദണ്ഡ പ്രകാരം ഗുണനിലവാരമുള്ള അരിയാക്കി സപ്ലൈകോയെ തിരികെ ഏൽപ്പിക്കുവാനാണ് തൃശ്ശൂർ ജില്ലയിൽ മില്ലുകാരുമായി കരാർ ഒപ്പിട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത കരാർ പ്രകാരം കൊയ്ത്തു കഴിഞ്ഞ് നെല്ല് വാഹനത്തിൽ കയറ്റുന്നതുവരെയുള്ള പ്രവൃത്തികൾക്ക് നൽകി വരുന്ന തുക ക്വിന്റലിന് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്തെ നെല്ല് സംഭരണത്തിൽ കർഷകർ നടത്തുന്ന നെല്ല് ചാക്കിലാക്കൽ, ചാക്ക് തുന്നിക്കെട്ടൽ, തൂക്കം നോക്കൽ എന്നീ പ്രവൃത്തികൾക്കുള്ള തുക കർഷകർക്ക് നൽകുന്നതിനെപ്പറ്റി മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാറിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാർ പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനായി ചണചാക്കുകൾ നൽകുന്നതിനും തൂക്കം നോക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായി വരുന്ന ചെലവുകൾ മില്ലുകാർ തന്നെ വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കർഷകരിൽ നിന്നും നെല്ല് ഏറ്റെടുത്തതുമുതൽ സംസ്കരിച്ച് അരിയാക്കി വിതരണ യോഗ്യമാക്കുന്നതുവരെയുള്ള പ്രവർത്തികൾക്ക് പ്രോസസ്സിംഗ് ചാർജ്ജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ സപ്ലൈകോ മില്ലുകാർക്ക് നൽകിവരുന്നു. ടി തുകയിൽ നിന്നും 12 രൂപ ഒരു ക്വിൻറൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകാൻ മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് കൃത്യമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) നിലവിൽ ഈ പ്രവൃത്തികൾ ചെയ്തുവരുന്ന കർഷകർക്ക് സർക്കാർ അനുവദിക്കുന്ന സംഖ്യ മില്ലുടമകൾ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) മില്ലുടമകൾക്കുവേണ്ടി കർഷകർ നടത്തുന്ന മേൽസൂചിപ്പിച്ച പ്രവൃത്തിക്കുള്ള തുക കർഷകർക്ക് തന്നെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഈ പ്രശ്നത്തിൽ തൃശ്ശൂരിൽ വച്ച് കൃഷി വകുപ്പ് മന്ത്രിയുടെയും തുടർന്ന് ജില്ലാ കളക്ടറുടെയും കർഷകപ്രതിനിധികളുടെയും മില്ലുടമകളുടെയും സാന്നിധ്യത്തിൽ എടുത്ത തീരുമാനങ്ങളുടെ ഭാഗമായി സർക്കാർ എടുത്ത നടപടികൾ വ്യക്തമാക്കാമോ? | (ഇ) | തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ